പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 233 | 28.06.2016 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി ജീവനക്കാരുടെ വേതനം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.വി.റ്റി.ബൽറാം** | **ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ (ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അംഗൻവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവായിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം തരം തിരിച്ച് വ്യക്തമാക്കുമോ; | (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അംഗൻവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് 25/02/2016 ൽ ഉത്തരവായിരുന്നു. അങ്കണവാടി വർക്കർമാർക്ക് നൽകുന്ന ഹോണറേറിയം 6600/- രൂപ (ആറായിരത്തി അറുന്നൂറ് രൂപ മാത്രം) യിൽ നിന്നും 10000/-രൂപ(പതിനായിരം രൂപ മാത്രം)യായും ഹെൽപ്പർമാർക്ക് ഹോണറേറിയം 4100/- (നാലായിരത്തി ഒരുന്നൂറ് രൂപ മാത്രം) യിൽ നിന്നും 7000/- രൂപ (ഏഴായിരം രൂപ മാത്രം) ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) ഇങ്ങനെ വർദ്ധിപ്പിച്ച വേതനം ചില സാങ്കേതിക കാരണങ്ങളാൽ സംസ്ഥാനത്തിന്റെ പല സ്ഥലങ്ങളിലും ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി)&(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വർദ്ധിപ്പിച്ച വേതനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കാനാണ് വ്യവസ്ഥ ചെയ്യുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് കണ്ടെത്തുന്നതിന് സമയം ആവശ്യമാണ്. |
| (സി) എങ്കിൽ ഈ സാങ്കേതിക കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | |
| (ഡി) ഇത് പരിഹരിച്ച് എത്രയുംവേഗം ഈ വേതനം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) ഇതു സംബന്ധിച്ച് വിശദാംശങ്ങൾ ചർച്ച ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ